പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് കോളേജുകളിൽ നിന്നും കിട്ടിയ പ്രൊപ്പോസലുകൾ

129 (3688) ഡോ. തോമസ് ഐസക് :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് കോളേജുകളിൽ നിന്നും കിട്ടിയ പ്രൊപ്പോസലുകൾ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അയച്ചു കൊടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) എത്ര പ്രൊപ്പോസലുകൾ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട് ; എത്ര എണ്ണം യൂണിവേഴ്സിറ്റികൾക്ക് അയച്ചു കൊടുത്തിട്ടുണ്ട് ;

(ഡി) പ്രൈവറ്റ് എയ്ഡഡ് കോളേജുകൾ നൽകിയ പ്രൊപ്പോസലുകൾ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമയപരിധിക്കുള്ളിൽ കിട്ടിയവ അയച്ചിട്ടുണ്ട്.

(ബി&സി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ആകെ അഞ്ച് കോളേജുകളിൽ നിന്നും അപേക്ഷകൾ 2002-03-ൽ ലഭിച്ചതായും അതിൽ അവസാന തീയതി കഴിഞ്ഞുവന്ന മൂന്ന് അപേക്ഷകൾ യൂണിവേഴ്സിറ്റിക്ക് അയച്ചിട്ടില്ല എന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കുറിക്കുന്നു.

യൂണിവേഴ്സിറ്റിക്ക് ശുപാർശ ചെയ്ത കോളേജുകളുടെ വിശദവിവരങ്ങൾ

കോളേജിന്റെ പേര്	ശുപാർശ ചെയ്യപ്പെട്ട കോഴ്സിന്റെ പേര്
1. പി.റ്റി.എം. സർക്കാർ കോളേജ്, പെരിന്തൽമണ്ണ	1. ബി.എസ്സി. ഫിസിക്സ്
2. ഗവ: കോളേജ്, മൂന്നാർ	2. ബി.എസ്സി. ഇൻഡസ്ട്രിയൽ കെമിസ്ട്രി ബി.എ. തമിഴ്

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശ ചെയ്യാത്ത കോളേജുകളുടെ വിശദവിവരങ്ങൾ

1. കെ.കെ.റ്റി.എം. സർക്കാർ കോളേജ്, പുല്ലൂക്ക്	1. എം.എ. മലയാളം
2. റ്റി.എം. സർക്കാർ കോളേജ്, തിരൂർ	1. ബി.എസ്സി. ഫിസിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് 2. ബി.എ. ഹിസ്റ്ററി 3. എം. എ. അറബിക് ആന്റ് മലയാളം
3. മഹാരാജാസ് കോളേജ്, എറണാകുളം	1. എം.എ. മ്യൂസിക്

(ഡി) പ്രൈവറ്റ് കോളേജുകളുടെ അപേക്ഷകൾ അവർ നേരിട്ട് സർവ്വകലാശാലകളിൽ സമർപ്പിക്കുകയാണ് പതിവ്.

ബി.എഡ്. കോളേജുകൾ

130 (3689) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിലായി എത്ര ബി.എഡ് കോളേജുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിലാകെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് മേഖല തിരിച്ച് വ്യക്തമാക്കാമോ ;

(സി) ബി.എഡ്. പാസ്സായി തൊഴിൽ കിട്ടാത്തവരായി എത്രപേർ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) പുതുതായി വീണ്ടും ബി.എഡ്. കോളേജുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇത് സർക്കാർ നിയമിച്ച ഏതെങ്കിലും വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശം അനുസരിച്ചാണോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. കേരള സർവ്വകലാശാലയുടെ കീഴിൽ ഗവ: കോളേജ് 1, എയ്ഡഡ് കോളേജ് 6, അൺ-എയ്ഡഡ് കോളേജ് 6, സർവ്വകലാശാല നേരിട്ട് നടത്തുന്ന 10 ബി.എഡ് സെന്ററുകൾ.

2. കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ ഗവ: കോളേജ് 2, എയ്ഡഡ് കോളേജ് 2, അൺ-എയ്ഡഡ് കോളേജ് 16.

3. കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ ഗവ: കോളേജ് 1, എയ്ഡഡ് കോളേജ്, 2, യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന 3 ബി.എഡ് സെന്ററുകൾ. മഹാത്മാഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly